3
SEPTEMBER 2026
THURSDAY

# പാവനാത്മാ കോളേജ്

MURICKASSERY, IDUKKI- 685604

ACCREDITED BY NAAC IN THE FOURTH CYCLE

ESTD : 1982

04868-263-235 www.pavanatmacollege.org pavanatmacollegem@gmail.com




## OPERATION TOOFAN

### The Narco Hunt

## ഇടുക്കി ജില്ലാതല ഉദ്ഘാടനം



Inauguration

**ശ്രീ.രമേശ് ചെന്നിത്തല**
Hon. Minister for Home Affairs, Vigilance & Coir, Government of Kerala

SEPTEMBER 3 2026 | 10:30 AM

**പാവനാത്മാ കോളേജ് ഇൻഡോർ സ്റ്റേഡിയം**



**മാർ ജോൺ നെല്ലിക്കുന്നേൽ**
Bishop, Diocese of Idukki



മൂന്നാം നില, നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം - 695 001
ഫോൺ : 0471-2333241, 25122040

വി. ഡി. സതീശൻ
മുഖ്യമന്ത്രി

21.08.2026

**സന്ദേശം**

മയക്കമരുന്ന് എന്ന വിപത്തിനെതിരെ കേരള സമൂഹം ഒറ്റക്കെട്ടായി അണിനിരക്കേണ്ട കാലമാണിത്. യുവതലമുറയെ ലഹരിയുടെ പിടിയിൽനിന്ന് സംരക്ഷിക്കുകയും ആരോഗ്യകരവും സർഗാത്മകവുമായ സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്നത് എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

ലഹരി മാഫിയയ്ക്കെതിരെ കേരള പോലീസ് ശക്തമായി നടപ്പാക്കുന്ന മിന്നൽവേട്ടയാണ് ഓപ്പറേഷൻ തൂഫാൻ. ലഹരിവസ്തുക്കളുടെ വിതരണ ശൃംഖല കണ്ടെത്തി തകർക്കുന്നതിനും ലഹരി വ്യാപാരത്തിന് പിന്നിൽ പ്രവർത്തിക്കുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടുള്ള ഈ നടപടി സമൂഹത്തിന്റെ സുരക്ഷയ്ക്കും യുവതലമുറയുടെ ഭാവി സംരക്ഷിക്കുന്നതിനും ഏറെ പ്രധാനപ്പെട്ടതാണ്.

നിയമനടപടികൾക്കൊപ്പം ലഹരിക്കെതിരായ സാമൂഹിക പ്രതിരോധവും ശക്തിപ്പെടുത്തണം. വിദ്യാലയങ്ങളും കോളേജുകളും കുടുംബങ്ങളും യുവജന സംഘടനകളും സന്നദ്ധപ്രവർത്തകരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉൾപ്പെടെ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളുടെയും സജീവ പങ്കാളിത്തം അനിവാര്യമാണ്. ലഹരിക്കെതിരായ ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ ശക്തമാകേണ്ടതുണ്ട്.

മുരിക്കാശ്ശേരി പാവനാത്മ കോളേജിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓപ്പറേഷൻ തൂഫാൻ ഇടുക്കി ജില്ലാതല ഉദ്ഘാടനച്ചടങ്ങിന് ആശംസകൾ നേരുന്നു. ലഹരിമുക്ത കേരളത്തിനായുള്ള ഈ കൂട്ടായ പരിശ്രമം കൂടുതൽ ശക്തമായ ജനകീയ മുന്നേറ്റമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

വി. ഡി. സതീശൻ



| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| **Sri. APU JOHN JOSEPH** CHIEF WHIP | **Adv. DEAN KURIAKOSE** MP IDUKKI | **Sri. ROY K PAULOSE** MLA IDUKKI | **Sri. F.RAJA** MLA DEVIKULAM | **Adv. SENAPATHY VENU** MLA UDUMBANCHOLA | **Adv. CYRIAC THOMAS** MLA PEERUMADE | **Dr. DINESAN CHERUVAT IAS** DISTRICT COLLECTOR IDUKKI | **Dr. A. NASIM IPS** DISTRICT POLICE CHIEF IDUKKI | **REV. MSGR. JOSE KARIVELICKAL** MANAGER | **PROF. SIJO P GEORGE** PRINCIPAL | **FR WILSON MANIYATTU** BURSAR |


57 YEARS OF HEALING & COMMITMENT

300 BEDDED MULTI SPECIALITY HOSPITAL

KATTAPPANA SOUTH PO, IDUKKI
04868 257000,
999 565 1818

ST.JOHN'S HOSPITAL
Life in abundance through healing

OUR EDUCATIONAL INSTITUTIONS

www. stjohns. co. in

ST.JOHN'S
COLLEGE OF PHARMACEUTICAL SCIENCES & RESEARCH

APPROVED BY PCI, GOVT. OF KERALA & AFFILIATED TO KERALA UNIVERSITY OF HEALTH SCIENCES,THRISSUR, KERALA

B. PHARM - 4 YEARS
D. PHARM - 2 YEARS

ഹൈറേഞ്ചിൽ കട്ടപ്പനയിൽ മാത്രമാണ് ഫാർമസി കോളേജ് ഉള്ളത് 2016 ൽ സ്ഥാപിതമായ കോളേജിന് PCI, DME യുടെയും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഒരു ബാച്ചിൽ 60 കുട്ടികൾക്ക് പഠിക്കാം.







ST.JOHN'S
COLLEGE OF ALLIED & HEALTHCARE SCIENCES

AFFILIATED TO DME

DMLT

2 വർഷത്തെ കേരളാ ഗവൺമെന്റ് അംഗീകൃത (PSC) മെഡിക്കൽ ലാബോറട്ടറി ടെക്നീഷൻ കോഴ്സ് 2014 ൽ ആരംഭിച്ച കോഴ്സിൽ ഒരു ബാച്ചിൽ 30 കുട്ടികൾക്ക് പഠിക്കാവുന്നതാണ്.

ADMISSION OPEN
www.sjcpsr.org

FOR ADMISSION or MORE INFORMATION
04868 250 209, 8157099650

FOR ADMISSION or MORE INFORMATION
+91 8291052449

www. stjohns.co.in/dmlt

witsow/8606880625


മാതാ
25 Years of Experience
ഹെവി & ലൈറ്റ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ
ISO 9001 - 2015 Certified Institution
Ph: 8111960299, 9447267148
CELEBRATING 25 YEARS ANNIVERSARY
മുരിക്കാശ്ശേരി
മാതാ ഡ്രൈവിംഗ് സ്കൂളിന്റെ
25 -ാം വാർഷികം പ്രമാണിച്ച്
2026 ൽ ഡ്രൈവിംഗ് പരിശീലന
ഫീസുകളിലും ലൈസൻസ്
ഫീസിലും വമ്പിച്ച ഡിസ്കൗണ്ട്
ആരംഭിച്ചിരിക്കുന്നു
DRIVER TRAINING
DRIVE WELL
MATHA DRIVING SCHOOL
Nb: ഓഫറുകൾ മാതാ ഡ്രൈവിംഗ് സ്കൂളിന്റെ
മുരിക്കാശ്ശേരി ബ്രാഞ്ചിൽ മാത്രം ആയിരിക്കും


ESTD 1950
KGEES
JEWELLERY
76
YEARS OF SERVICE
ZARINA
KGEES DIONE DIAMONDS
zane silver collections
AN ISO 9001-2015 CERTIFIED JEWELLERY
KOTTAYAMKADA
KATTAPPANA 272226 ADIMALI 222223 NEDUMKANDAM 234455 RAJAKKADU 272226 CHERUTHONI 236333
info@kgees.in support@kgees.in www.kgees.in www.kgeesgroup.com Kgees Jewellery kgees_jewellery


PlanProt
REMEDIES
SUSTAINABLE
AGRICULTURE
Hilson Plaza, Idukki Kavala, KATTAPPANA, Idukki Dist., Kerala - 685 508 Tel: 04868 274251 +91 9447087319
Sole Stockiest For: TATA RALLIS INDIA LTD.
Distributer For: AKOLA CHEMICALS (INDIA) LTD, SUMITOMO CHEMICAL INDIA LTD, HIL (INDIA) LTD, UPL
SUSTAINABLE AGRI SOLUTIONS LTD, ULTIMA SEARCH, FMC, GODREJ AGROVET, GHARUDA CHEMICALS, ISAGRO (ASIA) AGRO CHEMICALS
SUDHARSAN FARM CHEMICALS INDIA PVT LTD


Record Holder
ASIA BOOK OF RECORDS
India Book of Records
STUDY ABROAD
Santamonica
Study Abroad | Academy
CANADA | UK | AUSTRALIA |
NEW ZEALAND | IRELAND | USA | SWEDEN |
GERMANY | FRANCE ...
COST EFFECTIVE COURSES
WITH / WITHOUT IELTS OPTIONS
ATTRACTIVE SCHOLARSHIPS
PAID INTERNSHIPS
EDUCATION LOAN ASSISTANCE
700+ Universities/ Colleges
across 40+ Countries
The Address of Success
IELTS OET PTE
TOEFL GRE GERMAN Language
ONLINE / OFFLINE
CLASSES
From Kerala's most result-oriented training academy
2500+ STUDENTS Trained Every Month
Only Academy in India to receive the "EXCELLENCE AWARD FOR IELTS - 2022" awarded at ISTANBUL
*Conditions Apply
First Floor, Hillson Plaza, Idukki Kavala, Kattapana - 685508
bmktp@santamonicaedu.in | www.santamonicaedu.in
7777871144 I 04868 257 999
- Branches -
| Cochin | Ravipuram | Nedumbassery | Kottayam | Kozhikode | Trivandrum | Pala | Thrissur | Muvattupuzha | Kollam| Angamaly | Perinthalmanna | Palakkad | Kannur | Kanhangad | Kalpetta | Kothamangalam | Thiruvalla | Thodupuzha | Mavelikara| Pathanamthitta | Kanjirapally | Mala | Kattappana | Iritty | Harippad | Thiruvambady | Coimbatore | Chennai | Hyderabad | Bengaluru


ഓണം ഓഫറുകൾ തുടരുന്നു...
UP TO 70% OFF
ലക്ഷക്കണക്കിന് രൂപയുടെ സമ്മാനങ്ങൾ
മൊബൈൽ ഫോണുകൾക്കൊപ്പം 15000 രൂപ വരെയുള്ള സമ്മാനങ്ങൾ
വിദേശയാത്ര
സ്വർണ്ണ നാണയങ്ങൾ
ഗൃഹോപകരണങ്ങൾ
LOW പ്രൈസിൽ HIGH റേഞ്ച് ഓണം
SPECIAL EXCHANGE OFFER
SPECIAL EMI OFFER
ഹൈറേഞ്ച്
അപ്ലയൻസസ് | ഡിജിറ്റൽ | ഹൈപ്പർമാർട്ട്
Call- 9567 350 259
*T&C apply
തൊടുപുഴ - കട്ടപ്പന - മൂന്നാർ - ചെറുതോണി - രാജാക്കാട് - അടിമാലി
നെടുംകണ്ടം - മുരിക്കാശ്ശേരി - അണക്കര - കുമളി - ഏലപ്പാറ - മുണ്ടക്കയം


ആശംസകളോടെ...
LIONS CLUB
ആശംസകളോടെ...
Rotary
ആശംസകളോടെ...
IDUKKI CLUB


കട്ടപ്പന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 3738
www.kattappanascb.com | scbktpna@gmail.com
Hi-Fresh
മാറുന്ന നാടിന്റെ മനസ്സിനൊപ്പം
CORE BANKING
RTGS/NEFT
SMS ALERT
MOBILE BANKING
FERTILIZER, CEMENT & PESTICIDES TRADING
ECO SHOP
ATM SERVICE
PANCARD SERVICE
JAN AUSHADHI MEDICAL STORE
HI FRESH HYPERMARKET
NEETHI MEDICALS
TISSUE CULTURE LAB
AGRICULTURAL NURSERY
SOIL & WATER TESTING
FARMERS SERVICE CENTRE
NEONATAL ICU AMBULANCE
Hi Fresh FOOD PRODUCTS

3
SEPTEMBER 2026
THURSDAY

# പാവനാത്മാ കോളേജ്

MURICKASSERY, IDUKKI- 685604 | ACCREDITED BY NAAC IN THE FOURTH CYCLE | ESTD : 1982




## ഒരുമിച്ച് പോരാടാം... നല്ല നാളേക്കായി...

കേരളത്തിൽ അടുത്തകാലത്തായി മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും വലിയ തോതിൽ വർദ്ധിച്ചുവരുന്നത് അതീവ ഗൗരവകരമായ സാമൂഹിക പ്രശ്നമായി മാറിയിരിക്കുന്നു. സിന്തറ്റിക് ഡ്രഗ്ഗുകൾ ഉൾപ്പെടെയുള്ള മാരക ലഹരിവസ്തുക്കളുടെ ഉപയോഗം സ്കൂളുകളും കോളേജുകളെയും കേന്ദ്രീകരിച്ച് യുവജനങ്ങൾക്കിടയിൽ വ്യാപകമാകുന്നു. ഇത്തരം ലഹരിവസ്തുക്കളുടെ അടിമകളാകുന്നതോടെ യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം തകരുകയും, കുടുംബബന്ധങ്ങൾ ശിഥിലമാവുകയും ചെയ്യുന്നു. വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ, അക്രമങ്ങൾ, കൊലപാതകങ്ങൾ എന്നിവയ്ക്ക് പിന്നിലെ മുഖ്യ കാരണങ്ങളിലൊന്നായി ലഹരി ഉപയോഗം മാറിയിട്ടുണ്ട്. ഈ വിപത്തിനെ ചെറുക്കുന്നതിനായി സർക്കാരും എക്സൈസ്–പോലീസ് സേനകളും സംയുക്തമായി കർശന പരിശോധനകളും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. ലഹരിമുക്തമായ ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിന് അധികാരികളുടെ നടപടികൾക്കൊപ്പം കുടുംബങ്ങളുടെ ജാഗ്രതയും ശക്തമായ പൊതുജന പങ്കാളിത്തവും അത്യന്താപേക്ഷിതമാണ്.

ലഹരി മാഫിയയുടെ വേരറുക്കുന്നതിനായി കേരള പോലീസ് ആരംഭിച്ച പുതിയ പദ്ധതിയാണ് "ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട്". ആഭ്യന്തരം, വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ 2026 ജൂൺ രണ്ടിന് തിരുവനന്തപുരത്ത് കോട്ടൺ ഹിൽ സ്കൂളിൽ നടന്ന ചടങ്ങിൽ നിർവഹിച്ചു. ലഹരി മാഫിയകൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും പൊതുജനപങ്കാളിത്തത്തോടെ ശക്തമായ ജനകീയ പ്രതിരോധം തീർക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ കേരള പോലീസ് ലക്ഷ്യമിടുന്നത്. സിന്തറ്റിക് ഡ്രഗ്സിന്റെ അതിവേഗ വ്യാപനത്തെ ചെറുക്കുന്നതിനായി, ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ലഹരി മാഫിയകൾക്ക് നിയമത്തിന്റെ കർശനമായ മുന്നറിയിപ്പ് നൽകുന്നതിനോടൊപ്പം, സാധാരണക്കാർക്ക് പൂർണ്ണ സുരക്ഷിതത്വബോധം ഉറപ്പാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2026 മേയ് ഇരുപത്തിമൂന്നാം തീയതി പോലീസ് ആസ്ഥാനത്ത് നടന്ന യോഗത്തിന് ശേഷമാണ് ബഹു. ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഈ ക്യാമ്പയിൻ പ്രഖ്യാപിച്ചത്. മയക്കുമരുന്ന് ഉപയോഗി ക്കുന്നവർ, കച്ചവടക്കാർ, വിതരണക്കാർ, വിതരണ ശൃംഖലകൾ എന്നിവ നിരീക്ഷണത്തിലായിരിക്കുമെന്നും, മറ്റ് സംസ്ഥാന ങ്ങളിലെ പോലീസ് സേനകളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കുമെന്നും, സ്കൂളുകൾക്ക് സമീപമുള്ള പുകയില വിൽപ്പനയ് ക്കെതിരെയും, ഹോട്ടലുകളിലെ മയക്കുമരുന്ന് ഉപയോഗത്തിനെതിരെയും, ഡി.ജെ പാർട്ടികൾക്കെതിരെയും, കായലിലും തീരദേശ പ്രദേശങ്ങളിലുമുള്ള അനാവശ്യ ഒത്തുചേരലുകൾക്കെതിരെയും നടപടിയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പാവനാത്മാ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ 2026 സെപ്റ്റംബർ മൂന്നിന് നടക്കുന്ന ഓപ്പറേഷൻ തൂഫാൻ ജില്ലാതല ഉദ്ഘാടനവും പാവനാത്മാ കോളേജ് സംഘടിപ്പിക്കുന്ന വിവിധ ലഹരിവിരുദ്ധ പ്രചാരണ പരിപാടി കളുടെ ലോഞ്ചിംഗും ബഹു. ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തല നിർവഹിക്കും. ഇടുക്കി രൂപത ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ, ഗവ. ചീഫ് വിപ്പ് അഡ്വ. അപു ജോൺ ജോസഫ്, ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസ്, ഇടുക്കി എം.എൽ.എ. റോയി കെ. പൗലോസ്, പീരുമേട് എം.എൽ.എ. അഡ്വ. സിറിയക് തോമസ്, ഉടുമ്പഞ്ചോല എം.എൽ.എ. അഡ്വ. സേനാപതി വേണു, ദേവികുളം എം.എൽ.എ. എ. രാജ, ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട്, ഇടുക്കി ജില്ലാപോലീസ് മേധാവി ഡോ. എ. നസീം, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. ജില്ലാതല ഉദ്ഘാടനത്തിന് മുന്നോടിയായുള്ള ലഹരി വിമുക്ത ഇടുക്കി ജില്ലാ സന്ദേശ യാത്ര വിവിധ സ്ഥലങ്ങളിലായി നടത്തിവരുന്നു.

പ്രിൻസിപ്പൽ
പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

---

Mar John Nellikunnel
Bishop of Idukki

### ലഹരി വിമുക്ത സമൂഹത്തിനായി ഒന്നിക്കാം

സമൂഹത്തിന്റെ സമഗ്രമായ പുരോഗതിക്ക് സുരക്ഷിതവും ആരോഗ്യ പൂർണ്ണവുമായ അന്തരീക്ഷം അത്യന്താപേക്ഷിതമാണ്. എന്നാൽ ഇന്ന് പ്രായഭേദമന്യേ നമ്മുടെ കുടുംബങ്ങളെയും സാമൂഹിക അന്തരീക്ഷത്തെയും ഒരുപോലെ ആശങ്കയിലാഴ്ത്തുന്ന വലിയൊരു വെല്ലുവിളിയായി ലഹരിയുടെ ഉപയോഗവും [illegible] മാറിയിരിക്കുന്നു. വ്യക്തികളുടെ ശാരീരിക-മാനസിക ആരോഗ്യത്തെ തകർക്കുന്നതോടൊപ്പം, കുടുംബബന്ധങ്ങളുടെ ശിഥിലീകരണത്തിനും സാമൂഹിക സുരക്ഷിതത്വം ഇല്ലാതാക്കാനും ഇത് കാരണമാകുന്നു. പ്രത്യേകിച്ച്, ഏറെ പ്രത്യാശയോടെ കാണുന്ന കൗമാരക്കാരിലും യുവജനങ്ങളിലും ലഹരിയുണ്ടാക്കുന്ന ആഘാതം അങ്ങേയറ്റം ഗൗരവതരമാണ്. ജീവിത ലക്ഷ്യങ്ങളും സർഗ്ഗാത്മകതയും വികസിക്കേണ്ട ഘട്ടത്തിൽ, ലഹരി പലരുടെയും വ്യക്തിത്വത്തെയും ഭാവി പ്രതീക്ഷകളെയും നിശ്ശബ്ദം കവർന്നെടുക്കുകയാണ്. അതിനാൽ, ശക്തമായ പ്രതിരോധവും നിരന്തരമായ ജാഗ്രതയും പുലർത്തുക എന്നത് ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ അടിസ്ഥാനപരമായ ഉത്തരവാദിത്തമാണ്.

ഈ സാഹചര്യത്തിൽ, സംസ്ഥാനത്തുടനീളം ലഹരിമരുന്നുകളുടെ ലഭ്യത തടയുന്നതിനും സമൂഹത്തിൽ ജാഗ്രത സൃഷ്ടിക്കുന്നതിനുമായി കേരള സർക്കാരും ആഭ്യന്തര വകുപ്പും പോലീസും ചേർന്ന് നടപ്പിലാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' എന്ന സമഗ്ര ലഹരിവിരുദ്ധ കർമപദ്ധതി സ്വാഗതാർഹവും കാലോചിതവുമാണ്. നാടിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന ഈ മഹത്തായ ഉദ്യമത്തിന് എല്ലാ വിജയങ്ങളും നേരുന്നു. നിയമപാലനത്തോടൊപ്പം ശക്തമായ ബോധവൽക്കരണവും സമന്വയിപ്പിക്കുന്ന ഇത്തരം നയപരമായ ഇടപെടലുകൾ നാടിന്റെ സർവ്വതല സുരക്ഷ ഉറപ്പാക്കുന്നതിൽ വലിയ പങ്ക് വഹിക്കും. തെറ്റായ വഴികളിലേക്ക് വീണുപോകാതെ, ധാർമ്മിക മൂല്യങ്ങളോടെയും ആരോഗ്യകരമായ ജീവിതശൈലിയോടെയും മുന്നേറാൻ ഏവരെയും പ്രാപ്തരാക്കുക എന്നത് നമ്മുടെ ഏവരുടെയും ധാർമ്മികവും സാമൂഹികവുമായ ഉത്തരവാദിത്തമാണ്.

മുരിക്കാശ്ശേരി പാവനാത്മ കോളേജിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓപ്പറേഷൻ തൂഫാൻ ഇടുക്കി ജില്ലാതല ഉദ്ഘാടനത്തിന് എല്ലാ ആശംസകളും നേരുന്നു. നമുക്കൊരുമിച്ച് നമ്മുടെ നാടിന് തിളക്കമാർന്ന ഒരു ഭാവി പടുത്തുയർത്താൻ സാധിക്കട്ടെ എന്ന് പ്രാർത്ഥനയോടെ,

[illegible]
[illegible] നെല്ലിക്കുന്നേൽ
ഇടുക്കി രൂപത മെത്രാൻ

---

### PROGRAMME

*Opening Ceremony*

*Hoisting of the Operation Toofan Flag*

| | |
|---|---|
| Welcome Address | : Sri. Sijo P. George (Principal) |
| Presidential Address | : Sri. Roy K. Paulose (MLA Idukki) |
| Keynote Address | : H.E. Mar John Nellikunnel (Bishop Diocese of Idukki) |
| Formal Inauguration of Operation Toofan & Inaugural Address | : Sri. Ramesh Chennithala Hon. Minister for Home Affairs, Vigilance & Coir, Government of Kerala |

*Anti-Drug Pledge*

*Presentation of Operation Toofan Badge*

| | |
|---|---|
| Felicitation | : Sri. Apu John Joseph (Government Chief Whip) |
| | : Adv. Dean Kuriakose (M. P. Idukki) |
| | : Adv. Cyriac Thomas (MLA, Peerumade) |
| | : Sri. F. Raja (MLA Devikulam) |
| | : Adv. Senapathy Venu (MLA Udumbanchola) |
| | : Dr. Dinesan Cheruvat IAS (District Collector Idukki) |
| | : Dr. A. NASIM IPS (District Police Chief Idukki) |

*Toofan Warrior Memento Presentation*

| | |
|---|---|
| Vote of Thanks | : Sri. Vinod Joseph (President Vathikudy Grama Panchayat) |

*Closing Ceremony*

---



**Dr. Amala J. Kunnathoor**
Consultant Psychiatrist, Smitha Hospital, Thodupuzha

## ലഹരിയെ അറിയുക, ലഹരിയിൽ നിന്ന് അകലുക

### എന്താണ് ലഹരിവസ്തു?

തലച്ചോറിന്റെ പ്രവർത്തനത്തെ മാറ്റിമറിക്കുന്ന ചില രാസവസ്തുക്കളാണ് ലഹരിവസ്തുക്കൾ. അവ ഒരു വ്യക്തിയുടെ ചിന്ത, പെരുമാറ്റം, കഴിവുകൾ, വികാരം, മാനസികാവസ്ഥ മുതലായവയ്ക്ക് താൽക്കാലികമായോ എന്നെന്നേക്കുമായോ വ്യതിയാനം വരുത്തുന്നു. തലച്ചോറിലെ ന്യൂറോ ട്രാൻസ്മിറ്ററുകളായ ഡോപ്പമിൻ, സെറോട്ടോണിൻ, അഡ്രിനലിൻ മുതലായവയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതിലൂടെയാണ് ഇത് പ്രധാനമായും സംഭവിക്കുന്നത്.

### രണ്ടുതരം ലഹരിവസ്തുക്കൾ

ലഹരിവസ്തുക്കളെ പ്രധാനമായും രണ്ടുതരമായി തിരിക്കാവുന്നതാണ്
നിയമവിധേയമായതും നിയമവിരുദ്ധമായതും.

**നിയമവിധേയമായവ** : മദ്യം, പുകയില, ചില മരുന്നുകൾ തുടങ്ങിയവ.

**നിയമവിരുദ്ധമായവ** : കഞ്ചാവ്, MDMA മെത്രാഫറ്റാമിൻ, കറുപ്പ്, LSD, സിന്തറ്റിക് ഡ്രഗ്സ്, മാജിക്മഷ്റൂം മുതലായവ. ഇവ കൈവശം വയ്ക്കുന്നതോ കച്ചവടം ചെയ്യുന്നതോ കുറ്റകൃത്യമാണ്.

### എന്തുകൊണ്ട് ലഹരി?

എന്തുകൊണ്ടാണ് ആളുകൾ ലഹരി ഉപയോഗിച്ച് തുടങ്ങുന്നത്? കൂട്ടുകാരുടെ പ്രേരണ, കൗതുകം, മാനസിക സമ്മർദ്ദം, ആത്മവിശ്വാസക്കുറവ്, തെറ്റിദ്ധാരണകൾ, വിരസത, സാമൂഹ്യ സമ്മർദ്ദം മുതലായവയാണ് ഇതിന്റെ കാരണങ്ങൾ.

### എന്താണ് അഡിക്ഷൻ അഥവാ ലഹരി അടിമത്തം?

നമ്മുടെ തലച്ചോർ ഒരുപാട് ഉപകരണങ്ങൾ ഉള്ള ഒരു യന്ത്രം പോലെയാണ്. ഇവയുടെ കൂട്ടായ പ്രവർത്തനം ശരിയായ ആരോഗ്യത്തിനും ജീവിതത്തിനും അനിവാര്യമാണ്. ലഹരി ഉപയോഗം തലച്ചോറിലെ യന്ത്രത്തിലെ പല ഉപകരണങ്ങളിലും വ്യത്യാസം വരുത്തുന്നു. പിന്നീട് അവയുടെ പ്രവർത്തനത്തിന് ലഹരി കൂടിയേ തീരൂ എന്ന മട്ടിൽ ആക്കിക്കൊടുക്കുന്നു.

### ലഹരി അടിമത്തത്തിന്റെ ലക്ഷണങ്ങൾ

- ലഹരിവസ്തുവിനോടുള്ള അമിതമായ താൽപര്യം.
- പിൻവാങ്ങൽ ലക്ഷണങ്ങൾ: ലഹരി ഉപയോഗം കുറയുമ്പോൾ അഥവാ നിർത്തുമ്പോൾ ഉറക്കക്കുറവ്, ശാരീരിക ബുദ്ധിമുട്ടുകൾ മുതലായവ ഉണ്ടാകുന്നു.
- ഉപയോഗിക്കുന്ന ലഹരിയുടെ അളവ് കാലക്രമേണ കൂടുന്നു.
- മറ്റു വിനോദ പ്രവർത്തികളോടും ഉത്തരവാദിത്തങ്ങളോടും ഉള്ള താൽപര്യം കുറയുന്നു.
- ലഹരി ഉപയോഗത്തിൽ നിയന്ത്രണമില്ലായ്മ.

### ആരോഗ്യ പ്രശ്നങ്ങൾ

ലഹരി ഉപയോഗം ഒരുപാട് ശാരീരിക, മാനസിക രോഗങ്ങൾക്ക് കാരണമാകുന്നു. ഉദാഹരണം: ക്യാൻസർ, ലിവർ സിറോസിസ്, ലൈംഗിക പ്രശ്നങ്ങൾ, ഹാർട്ട് അറ്റാക്ക്, ചിത്രഭ്രമം, ആത്മഹത്യാ ശ്രമം, അക്രമാസക്തത, ജോലി നഷ്ടം, പഠന പ്രശ്നങ്ങൾ, ശ്രദ്ധക്കുറവ് തുടങ്ങിയവ.

### ലഹരി ഉപയോഗം എങ്ങനെ പ്രതിരോധിക്കാം?

- ലഹരിയെപ്പറ്റിയുള്ള ശരിയായ അവബോധം
- ലക്ഷ്യബോധം
- തുടർന്നുള്ള സംസാരം
- കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നുമുള്ള പിന്തുണ
- കായികവും ബൗദ്ധികമായും നല്ല ശീലങ്ങളും വിനോദങ്ങളും
- സമാധാനപരവും പിരിമുറുക്കമില്ലാത്തതുമായ സ്കൂൾ, തൊഴിലിടങ്ങൾ
- നല്ല സുഹൃത്തുക്കൾ
- മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ
- ആരോഗ്യകരമായ സാമൂഹ്യബന്ധങ്ങൾ
- ജീവിതത്തിലെ എല്ലാ തുറകളിലുള്ളവരുടെയും ശരിയായ ബാലൻസിങ്

ലഹരി ഉപയോഗം തടയുന്നതിന് അവബോധം, സാമൂഹിക പിന്തുണ, കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഇടപെടൽ തുടങ്ങിയ പ്രതിരോധ മാർഗങ്ങൾ പ്രധാനമാണ്.

### എന്തുചെയ്യണം?

നമുക്ക് പരിചയമുള്ള ഒരു വ്യക്തിയോ കുടുംബാംഗമോ ലഹരി ഉപയോഗിക്കുന്നതായി അറിഞ്ഞാൽ, ഒരു പൗരൻ എന്ന നിലയ്ക്ക് നാം എന്ത് ചെയ്യണം?

- അവരെ കുറ്റപ്പെടുത്തരുത്.
- ഒറ്റപ്പെടുത്തരുത്.
- ആ വ്യക്തിയോടോ അവരുടെ വേണ്ടപ്പെട്ടവരോടോ സംസാരിച്ച് ശാസ്ത്രീയമായ ചികിത്സ നേടാൻ പ്രേരിപ്പിക്കുക.

**ലഹരി വിൽപ്പനയെക്കുറിച്ച് അറിഞ്ഞാൽ 1933 എന്ന ടോൾഫ്രീ നമ്പറിൽ അറിയിക്കുകയോ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരം നൽകുകയോ ചെയ്യുക.**


ആശംസകളോടെ...




OUR COURSES

**UG Programmes**
- B. Com. (Hons) Finance, Taxation and Co-Operation
- B.Sc. (Hons) Chemistry
- B. Sc. (Hons) Mathematics
- B. Sc. (Hons) Physics
- B.A. (Hons) History
- B.A. (Hons) English
- B.A. (Hons) Malayalam with Journalism (SF)
- B.A. (Hons) Economics (SF)
- B.Voc (Hons) Business Accounting & Taxation
- (SF)

B.Voc (Hons) Animation & Graphic Design (SF)

**PG Programmes**
- M.Com.
- MCM (Master of Commerce and Management)
- M.A. Malayalam
- M.A History (SF)

**Research Programme**
- Ph.D - Commerce
- Ph.D - Malayalam

For more Details Please Visit www.pavanatmacollege.org




KSFE
ഈ നാടിന്റെ ധൈര്യം
CERTIFIED ISO 9001:2015 COMPANY
TOLL FREE HELPLINE : 1800-425-3455
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, കോർപ്പറേറ്റ് ഓഫീസ്:
'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ - 680 020.
Ph: 0487-2332255. Fax: 0487-2336232, mail: mail@ksfe.com




KA
കൊല്ലംകുടിയിൽ ഏജൻസീസ്
CAll : 75599 83023, 95447 17661
Padikara Building, Puliyanmala Road, Kattappana, Idukki - 685508 Opp. Bharath Pump

ആശംസകളോടെ...
KVVES
കേരള വ്യാപാരി വ്യവസായി ഏകോപന സമിതി

ആശംസകളോടെ...
KVVS കേരള വ്യാപാരി വ്യവസായി സമിതി










Printed & Published By : Principal, Pavanatma College, Murickassery

Design: Witsow Branding - 8606880625